# ഫാമിലി കോൺഫറൻസ് : സംയുക്ത കമ്മിറ്റി ക്ലിഫ്റ്റൺ സെന്റ് ഗ്രീഗോറിയോസ് ഇടവകയിൽ നടന്നു

വാഷിംഗ്ടൺ ഡിസി: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി / യൂത്ത് കോൺഫറൻസ് പ്രതിനിധികളുടെ സംയുക്ത കമ്മിറ്റി മീറ്റിംഗ് മാർച്ച് 23 ശനിയാഴ്ച ഭദ്രാസന അധ്യക്ഷൻ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ക്ലിഫ്റ്റൺ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ നടന്നു.

പ്രാർഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ കോൺഫറൻസ് കോ ഓർഡിനേറ്റർ ഫാ. സണ്ണി ജോസഫ് വിവിധ ഇടവകകളിൽ നിന്നും എത്തിയ പ്രതിനിധികളെ സ്വാഗതം ചെയ്തു.

ജനറൽ സെക്രട്ടറി ജോബി ജോൺ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ആമുഖമായി വിവരിക്കുകയും വിവിധ പ്രോഗ്രാമുകളുടെ കോ ഓർഡിനേറ്റർമാരെ വിവരണങ്ങൾ നൽകുവാനായി ക്ഷണിക്കുകയും ചെയ്തു.

ഫിനാൻസ് ചെയർ തോമസ് വർഗീസ്, ബിസിനസ് മാനേജർ സണ്ണി വർഗീസ്, സുവനീർ ചീഫ് എഡിറ്റർ ജേക്കബ് ജോസഫ് എന്നിവർ ഇടവക സന്ദർശനങ്ങളെകുറിച്ചും രജിസ്ട്രേഷന്റെ പുരോഗതിയെ കുറിച്ചും സുവനീർ പ്രസിദ്ധീകരണത്തെകുറിച്ചും സംസാരിച്ചു.

ട്രഷറർ മാത്യു വർഗീസ് സാമ്പത്തിക വശങ്ങളെകുറിച്ച് വിവരണങ്ങൾ നൽകി. രജിസ്ട്രേഷന്റെയും സുവനീറിൻറ്റെയും തുകകൾ വന്നു കൊണ്ടിരിക്കുന്നതായും ബാക്കി ലഭിയ്ക്കുവാനുള്ള തുകകൾ തുടർന്നുള്ള ദിവസങ്ങളിൽ ലഭിക്കുമെന്നും അറിയിച്ചു.

ഇതുവരെയുള്ള കമ്മിറ്റിയുടെ നേട്ടങ്ങളിൽ മാർ നിക്കോളോവോസ് മെത്രാപ്പോലീത്താ സന്തുഷ്ടി പ്രകടിപ്പിച്ചു. ഓരോരുത്തരുടേയും ആത്മാർഥമായ പ്രവർത്തനങ്ങൾക്ക് നന്ദി അറിയിച്ചു.

ക്ലിഫ്റ്റൺ സെന്റ് ഗ്രീഗോറിയോസ് ഇടവക വികാരി ഫാ. ഷിനോജ് തോമസിനോടും കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദി കോൺഫറൻസ് കോ ഓർഡിനേറ്റർ ഫാ. സണ്ണി ജോസഫ് അറിയിച്ചു.

റിപ്പോർട്ട്: രാജൻ വാഴപ്പള്ളിൽ